**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 475** **05-10-2021 - ൽ മറുപടിയ്ക്ക്**

**ഓഫീസുകൾ സർക്കാർ കെട്ടിടങ്ങളിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വാടക കെട്ടിടങ്ങളിൽ പ്രവർത്തിച്ചു വരുന്ന സർക്കാർ ഓഫീസുകൾ ഏതെല്ലാമെന്ന് കണ്ടെത്തുന്നതിനും ആയവ സർക്കാർ കെട്ടിടങ്ങളിലേയ്ക്ക് മാറ്റുന്നതിനുമുള്ള പദ്ധതികൾ തയ്യാറാക്കുമോ; | (എ) | സംസ്ഥാനത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന സർക്കാർ ഓഫിസുകൾ സംബന്ധിച്ച വിവരങ്ങൾ ധനവകുപ്പ് ശേഖരിച്ചു വരികയാണ്. ആയവ കാലക്രമേണ സർക്കാർ കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ ഘട്ടംഘട്ടമായി കൈക്കൊള്ളുന്നതാണ്. |
| (ബി) | താലൂക്ക് തലത്തിൽ പ്രവർത്തിക്കേണ്ട ഓഫീസുകൾ ഒരു കെട്ടിട സമുച്ചയത്തിൽ പ്രവർത്തിക്കുന്നതിനും ആയതിനുള്ള പശ്ചാത്തല സൗകര്യം സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കാമോ? | (ബി) | താലൂക്ക് തലത്തിൽ പ്രവർത്തിക്കേണ്ട ഓഫീസുകൾ ഒരു കെട്ടിട സമുച്ചയത്തിലേക്ക് മാറ്റണം എന്ന ഉദ്ദേശത്തിലാണ് താലൂക്ക് ആസ്ഥാനങ്ങളിൽ മിനി സിവിൽ സ്റ്റേഷനുകൾ നിർമ്മിച്ചിട്ടുള്ളത്. ഏതാനും താലൂക്ക് ആസ്ഥാനങ്ങളിൽ മിനി സിവിൽ സ്റ്റേഷനുകൾ നിലവിലുണ്ട്. എല്ലാ ഓഫീസുകളും നിലവിലുള്ള സിവിൽ സ്റ്റേഷനുകളിൽ ഉൾക്കൊള്ളാനാവാത്ത സാഹചര്യം ഉള്ള സ്ഥലങ്ങളിൽ പുതിയ സിവിൽ സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനും സിവിൽ സ്റ്റേഷനുകൾ നിലവിലില്ലാത്ത താലൂക്കുകളിൽ പുതിയ സിവിൽ സ്റ്റേഷനുകൾ നിർമ്മിക്കുന്നതിനും ഘട്ടംഘട്ടമായി നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ